പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7196 — 16.07.2012-ലെ മറുപടിക്ക്

## പരിധിയിൽ കൂടുതൽ ഭൂമി കൈവശം വച്ചിരിക്കുന്നവർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എ. അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ഭൂപരിഷ്ക്കരണ നിയമപ്രകാരം കൈവശം വയ്ക്കാവുന്ന ഭൂമിയിൽ കൂടുതൽ കൈവശം വച്ചിരിക്കുന്ന ആളുകളെ കണ്ടെത്തുന്നതിനുള്ള സംവിധാനം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) കേരള ഭൂപരിഷ്ക്കരണ നിയമത്തിലെ സെക്ഷൻ 85 (എ), 85 (3എ), 87(1എ) എന്നിവ പ്രകാരം ഒരു വ്യക്തിയോ കുടുംബമോ, സ്ഥാപനമോ സീലിംഗ് പരിധിക്ക് പുറത്ത് ഭൂമി സമ്പാദിച്ചാൽ, ബന്ധപ്പെട്ട താലൂക്ക് ലാന്റ് ബോർഡ് മുമ്പാകെ ടിയാളുകളുടെ/സ്ഥാപനത്തിന്റെ ഭൂമി സംബന്ധിച്ച് 3 മാസത്തിനുള്ളിൽ സീലിംഗ് റിട്ടേൺ ഫയൽ ചെയ്യേണ്ടതാണെന്ന് നിഷ്ക്കർഷിച്ചിട്ടുള്ളതാണ്.<br><br>അപ്രകാരം നടപടി സ്വീകരിക്കാത്ത കേസ്സുകളിൽ, ബന്ധപ്പെട്ട താലൂക്ക് ലാൻറ് ബോർഡുകൾക്ക്, ബന്ധപ്പെട്ട റവന്യൂ രേഖകൾ പരിശോധിച്ച് കൊണ്ട് പരിധിയിൽ കൂടുതൽ ഭൂമി കൈവശം വച്ചിരിക്കുന്നവർക്കെതിരെ സ്വമേധയാ സീലിംഗ് കേസ് ആരംഭിക്കുന്നതിനുള്ള അധികാരം ടി നിയമത്തിലെ സെക്ഷൻ 85(7), സെക്ഷൻ 87 എന്നിവ മുഖേന നൽകിയിട്ടുണ്ട്. |
| (ബി) പരിധിയിൽ കൂടുതൽ ഭൂമി കൈവശം വച്ചവരെ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ; | (ബി) പരിധിയിൽ കൂടുതൽ ഭൂമി കൈവശം വച്ചവരെ കണ്ടെത്തിയിട്ടുണ്ട്.<br>31.5.2012 വരെയുള്ള കാലയളവിൽ, 14 ജില്ലകളിലായി പരിധിയിൽ കൂടുതൽ ഭൂമിയുള്ളവരെ കണ്ടെത്തി അവരിൽ നിന്നായി ഏറ്റെടുത്തിട്ടുള്ള മിച്ചഭൂമിയുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (സി) | ഇവർക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (സി) | ഇവർക്കെതിരെ 1963-ലെ കേരളാ ഭൂപരിഷ്കരണ നിയമവും അനുബന്ധചട്ടങ്ങളും പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുള്ളതും നിലവിലുള്ള സീലിംഗ് കേസുകളിൻമേൽ ടി നിയമപ്രകാരം തുടർ നടപടി സ്വീകരിച്ചുവരുന്നതുമാണ്. |
| (ഡി) | സംസ്ഥാനത്ത് വ്യാപകമായി ഭൂമി വാങ്ങി കൂട്ടുന്നവരെ തിരിച്ചറിയുന്നതിന് ഒരുക്കിയിട്ടുള്ള സംവിധാനം വ്യക്തമാക്കുമോ? | (ഡി) | പരിധിയിൽ കവിഞ്ഞ് ഭൂമി വാങ്ങി കൂട്ടുന്നവർ, കേരളാ ഭൂപരിഷ്കരണ നിയമത്തിലെ സെക്ഷൻ 85(എ), 85(3എ), 87(1എ) എന്നിവ പ്രകാരമുള്ള സീലിംഗ് റിട്ടേൺ ഫയൽ ചെയ്തിട്ടില്ലായെന്ന് കണ്ടെത്തിയാൽ, ടി നിയമത്തിലെ സെക്ഷൻ 105, 105-എ എന്നിവ പ്രകാരം ബന്ധപ്പെട്ട താലൂക്ക് ലാന്റ് ബോർഡ് ആതറൈസ്ഡ് ഓഫീസർ മുഖേന ടി ഭൂമി സംബന്ധിച്ച റവന്യൂ റെക്കാർഡുകൾ പരിശോധിച്ച് ആവശ്യമായ വിവരങ്ങൾ ശേഖരിച്ച്, ഇങ്ങനെയുള്ളവർക്കെതിരെ സ്വമേധയാ സീലിംഗ് കേസ് ആരംഭിക്കുവാൻ വ്യവസ്ഥയുള്ളതാണ്.<br><br>ബന്ധപ്പെട്ട രജിസ്റ്ററിംഗ് അധികാരികളും ടി ഭൂമി കൈമാറ്റം സംബന്ധിച്ച വിവരം ബന്ധപ്പെട്ട (റവന്യൂ) അധികാരികളെ അറിയിക്കേണ്ടതാണെന്ന കാര്യം കേരളാ ഭൂപരിഷ്കരണ നയമത്തിലെ സെക്ഷൻ 120(1എ) യിൽ അനുശാസിക്കുന്നുണ്ട്.<br><br>സ്വമേധയാ റിട്ടേൺ ഫയൽ ചെയ്യാത്ത നടപടി കേരള ഭൂപരിഷ്കരണ നിയമത്തിലെ സെക്ഷൻ 118, 118-എ എന്നിവ പ്രകാരം ശിക്ഷാർഹമാണ്.<br><br>തെറ്റായ സീലിംഗ് റിട്ടേൺ നൽകുന്നത് ടി നിയമത്തിലെ സെക്ഷൻ - 119, 120(2) എന്നിവ പ്രകാരവും ശിക്ഷാർഹമാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | ജില്ല | ഏറ്റെടുത്ത മിച്ചഭൂമി (ഹെക്ടറിൽ ) |
|---|---|---|
| 1. | തിരുവനന്തപുരം | 410.93 |
| 2. | കൊല്ലം | 756.82 |
| 3. | പത്തനംതിട്ട | 73.78 |
| 4. | ആലപ്പുഴ | 2160.42 |
| 5. | കോട്ടയം | 1303.22 |
| 6. | ഇടുക്കി | 2614.21 |
| 7. | എറണാകുളം | 888.67 |
| 8. | തൃശ്ശൂർ | 1601.12 |
| 9. | പാലക്കാട് | 8022.79 |
| 10. | മലപ്പുറം | 3446.32 |
| 11. | കോഴിക്കോട് | 1464.05 |
| 12. | വയനാട് | 3077.97 |
| 13. | കണ്ണൂർ | 9299.14 |
| 14. | കാസർഗോഡ് | 6734.08 |
| | ആകെ | 41853.52 |

നിലവിൽ പരിധിയിൽ കൂടുതൽ ഭൂമി കൈവശം വച്ചവരെ സംബന്ധിച്ച് വിവധ റ്റി.എൽ.ബി കളിൽ നടന്നുവരുന്ന റ്റി.എൽ.ബി. കേസ്സുകളുടെ എണ്ണം, ജില്ലാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | റ്റി.എൽ.ബി. കേസ്സുകളുടെ എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 24 |
| 2. | കൊല്ലം | 51 |
| 3. | പത്തനംതിട്ട | 19 |
| 4. | ആലപ്പുഴ | 34 |
| 5. | കോട്ടയം | 49 |
| 6. | ഇടുക്കി | 69 |
| 7. | എറണാകുളം | 23 |
| 8. | തൃശ്ശൂർ | 11 |
| 9. | പാലക്കാട് | 215 |
| 10. | മലപ്പുറം | 253 |
| 11. | കോഴിക്കോട് | 93 |
| 12. | വയനാട് | 104 |
| 13. | കണ്ണൂർ | 176 |
| 14. | കാസർഗോഡ് | 199 |
| | ആകെ | 1320 |